**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2600** **04-03-2025 - ൽ മറുപടിയ്ക്ക്**

**കയർ വില സ്ഥിരത ഫണ്ടിലേക്ക് വകയിരുത്തിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തിക വർഷവും കയർ വില സ്ഥിരത ഫണ്ടിലേക്ക് വകയിരുത്തിയ തുക എത്രയാണെന്നും ചെലവഴിച്ച തുക എത്രയാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | 2021-22 :-<br>• വകയിരുത്തിയ തുക- 38 കോടി രൂപ<br>• ചെലവഴിച്ച തുക- 38 കോടി രൂപ<br>2022-23 :-<br>• വകയിരുത്തിയ തുക- 38 കോടി രൂപ<br>• ചെലവഴിച്ച തുക- 35,16,74,577/- രൂപ<br>2023-2024 :-<br>• വകയിരുത്തിയ തുക- 38 കോടി രൂപ<br>• ചെലവഴിച്ച തുക- 30,05,26,186 /- രൂപ<br>2024-2025 :-<br>• വകയിരുത്തിയ തുക- 38 കോടി രൂപ<br>• ചെലവഴിച്ച തുക- 22,74,54,563/- രൂപ |
| (ബി) | കയർപിരി സംഘങ്ങൾക്ക് കയർഫെഡ് മുഖേന കയർ സമാഹരിച്ച ഇനത്തിൽ നിലവിൽ എത്ര തുക കുടിശിക അനുവദിക്കാനുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത കുടിശിക അനുവദിക്കുന്നതിന് പര്യാപ്തമായ തുക വില സ്ഥിരത ഫണ്ടിൽ വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കുടിശിക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കയർഫെഡ് കയർ ഉൽപ്പാദക സംഘങ്ങളിൽ നിന്നും വിവിധ ഇനം കയർ സംഭരിച്ച വകയിൽ ആകെ 11,59,28,589/- രൂപ നൽകുവാനുണ്ട്. വാങ്ങൽ വിലയിൽ നിന്നും ഓരോ കയർ ഇനങ്ങൾക്കും പ്രൈസ് ഫ്ലക്ച്വേഷൻ കമ്മിറ്റി അനുവദിച്ച തരുന്ന ഡിസ്കൗണ്ട് അനുവദിച്ചുകൊണ്ടാണ് കയർഫെഡ് കയർ വിൽപ്പന നടത്തുന്നത്. വില സ്ഥിരത ഫണ്ടിനായി സംസ്ഥാന ബജറ്റിൽ 38 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ